എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് അന്ധ ബധിര വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും വിദ്യാഭ്യാസയോഗ്യതകളും നിഷ്കർഷിച്ചിരിക്കുന്നത്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് 28-4-14-ലെ സ.ഉ.(പി)നമ്പർ 69/2014/ പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം, വേതന വ്യവസ്ഥ എന്നിവ നിശ്ചയിക്കുന്നതിന് വിദഗ്ധ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം

102 (1157) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാണിച്ച എത്ര എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതുവഴി എത്ര അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഇതുവരെ നിയമനം നടത്തിയിട്ടുണ്ട് ;

(സി) ഇങ്ങനെ നിയമനം നേടിയ അദ്ധ്യാപകരിൽ എത്ര പേർ ഇപ്പോൾ സർവ്വീസിലുണ്ട് ;

(ഡി) ഇവർക്ക് ഇതുവരെ എത്ര രൂക ശമ്പള ഇനത്തിലും മറ്റുമായി നൽകിയിട്ടുണ്ട് ;

(ഇ) ഇതിന് ഉത്തരവാദികൾ ആരെന്നും ഇവർക്കെതിരെ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(എഫ്) കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാണിച്ചത് എങ്ങിനെയാണ് കണ്ടുപിടിക്കപ്പെട്ടത് ;

(ജി) കൃത്രിമം കാണിക്കാൻ സ്കൂൾ അധികൃതർക്ക് കഴിഞ്ഞത് എന്തു കൊണ്ടാണ് ; ഇതു സംബന്ധിച്ച് പരിശോധനകൾ നടത്താറുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly